ജയിൽ ആസ്ഥാനകാര്യാലയം,
തിരുവനന്തപുരം-12

നമ്പർ.144/ക്യാമ്പ്/ഡി.ജി.പി(പ്രിസൺസ്)/2014 തീയതി : 07-07-2014

**സർക്കുലർ-32**

ജയിൽ വകുപ്പിൽ വളരെയധികം വാർഡർമാർ അടിസ്ഥാന പരിശീലനമില്ലാതെ ജോലി ചെയ്യുന്നവരാണ്. വനിതാ വാർഡർമാരിൽ നല്ലൊരു ഭാഗവും ഇത്തരത്തിൽ ജോലി ചെയ്യുന്നവരാണ്. ജോലിയുടെ അടിസ്ഥാന കാര്യങ്ങൾ പഠിപ്പിക്കുക, പ്രോമോഷൻ തുടങ്ങിയ കാര്യങ്ങൾ വരുമ്പോൾ പരിശീനം ഇല്ലായ്മ കാരണം പരിഗണിക്ക പ്പെടാതിരിക്കുക എന്നിവ ഒഴിവാക്കുന്നതിന് അടിസ്ഥാന പരിശീലനം നൽകുന്നത് ആവശ്യമാണ്. ഇതനുസരിച്ച് കണ്ണൂർ, തൃശൂർ, പൂജപ്പുര, തേവൻ കോട് എന്നീ സ്ഥലങ്ങളിൽ ഡയറക്ടർ, സിക്കയുടെ നേതൃത്വത്തിൽ പരിശീലന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടി വാർഡർമാരെ നിയോഗിക്കുമ്പോൾ വിവിധ ജയിലുകളിൽ താൽക്കാലികമായി വാർഡർമാരുടെ ക്ഷാമം നേരിടാൻ ഇടയുണ്ട്. ഒഴിവാക്കാനാകാത്ത നടപടി എന്ന നിലയിൽ ഈ പരിശീലന പദ്ധതി തീരുംവരെ എല്ലാ ജയിലുകളിലും ബാക്കിയുള്ള ജീവനക്കാർ കൂടുതൽ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. ഇക്കാര്യങ്ങളെല്ലാം, എല്ലാ ജയിൽ സൂപ്രണ്ടുമാരും, മേഖലാ ഡി.ഐ.ജി. മാരും ശ്രദ്ധിക്കേണ്ടതാണ്.

**ടി.പി. സെൻകുമാർ ഐ.പി.എസ്**
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്
ആൻറ് കറക്ഷണൽ സർവ്വീസസ്

എല്ലാ മേഖലാ ഡി.ഐ.ജി. മാർക്കും
എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും